LIBRARY ARCHIVES Kerala Legislative Assembly

'ആരോഗ്യം സ്വന്തം കൈകളിൽ' പദ്ധതിയുടെ നടത്തിപ്പ്

103 (995) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ആരോഗ്യം സ്വന്തം കൈകളിൽ' പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിനുവേണ്ടി ഏതെല്ലാം ഉദ്യോഗസ്ഥന്മാർ വിദേശ പര്യടനം നടത്തുകയുണ്ടായി ; സോപ്പ് ഉപയോഗിച്ച് കൈകഴുകാൻ എങ്ങനെ പഠിപ്പിക്കണം എന്നതിനെക്കുറിച്ച് വിദേശ പര്യടനവേളയിൽ ചർച്ച ചെയ്യുകയുണ്ടായോ ;

(ബി) ഈ പദ്ധതി ആരംഭിക്കാൻ നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ; സോപ്പ് ഉൽപ്പാദകരും ഈ പദ്ധതി നടത്തിപ്പുകാരും തമ്മിലുള്ള ബന്ധം വിശദമാക്കാമോ ?

ഉത്തരം

(എ) 'ആരോഗ്യം സ്വന്തം കൈകളിൽ' പദ്ധതിയുമായി ബന്ധപ്പെട്ട് ഡോ. വി. അശോക് ഐ. എ. എസ്. എക്സിക്യൂട്ടിവ് ഡയറക്ടർ കേരള റൂറൽ വാട്ടർ സപ്ലൈ ഏജൻസി 2002 മേയ് മാസത്തിൽ നടന്ന 'വേൾഡ് വാട്ടർ ഫോറം'ത്തോടനുബന്ധിച്ച വർക്ക്ഷോപ്പിൽ പങ്കെടുക്കുവാൻ വാഷിംഗ്ടണിലും ഡോ. വി. കെ. ബേബി പൊതുജനാരോഗ്യം പദ്ധതിക്ക് സാങ്കേതിക ഉപദേശം നൽകാനും ഘാനയിലും പര്യടനം നടത്തിയിട്ടുണ്ട്. കൂടാതെ മേൽ വർക്ക്ഷോപ്പിൽ ലോകബാങ്കിന്റെ റൂറൽ വാട്ടർ ആന്റ് സാനിട്ടേഷൻ തിമാറ്റിക് ഗ്രൂപ്പ് ക്ഷണിച്ച പ്രകാരം റിസോഴ്സ് പേഴ്സൺ ആയി പങ്കെടുക്കുവാൻ ജലവിഭവ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കെ. ജെ. മാത്യു വാഷിംഗ്ടൺ സന്ദർശിച്ചിട്ടുണ്ട്. കൈകഴുകൽ പദ്ധതി എങ്ങനെ വിജയകരമായി നടപ്പിലാക്കാൻ കഴിയും എന്നതിനെക്കുറിച്ച് വിവിധ വശങ്ങൾ വർക്ക്ഷോപ്പിൽ ചർച്ച ചെയ്തു.

(ബി) ഇല്ല. നയപരമായ തീരുമാനം എടുത്തശേഷം മാത്രമേ ഇതിന്റെ വിശദാംശങ്ങൾ തീരുമാനിക്കുകയുള്ളു.

തിരുവനന്തപുരം നഗരത്തിൽ പുതിയ സിവേജ് പദ്ധതികൾ

104 (996) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗര പരിധിയിലെ കടകംപള്ളി, ഉള്ളൂർ, ചെറുവയ്ക്കൽ, കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ്, തിരുമല എന്നീ വില്ലേജുകളിൽ കൂടി സിവേജ് ലൈനുകൾ ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പട്ടം-പ്ലാമൂട്, മുറിഞ്ഞപാലം പമ്പ് ഹൗസുകൾ കമ്മീഷൻ ചെയ്യാൻ വൈകുന്നതിനുള്ള കാരണം അറിയിക്കാമോ ;